# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1064 — 13/06/2013 ൽ മറുപടിക്ക്

**ഐ.ടി. അറ്റ് സക്കൂളിന്റെ പ്രവർത്തനത്തിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>,, എ. പ്രദീപ്കുമാർ<br>,, എം. ഹംസ<br>,, ബാബു എം. പാലിശ്ശേരി | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ഐ.ടി. അറ്റ് സ്ക്കൂളിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഈ സ്ഥാപനത്തിൽ നടന്നുവരുന്ന ക്രമക്കേടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ഐ.ടി. അറ്റ് സ്ക്കൂളിലെ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പരാതികൾ പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) | പരാതി ലഭിച്ചിട്ടില്ല. |
| സി) ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; | സി) | ബാധകമല്ല. |
| ഡി) ഡി.പി.ഐ.യെ മറികടന്നാണ് ഐ.ടി. അറ്റ് സ്ക്കൂളിൽ പല പ്രധാന തീരുമാനങ്ങളും കൈക്കൊള്ളുന്നതെന്ന കാര്യം സർക്കാരിനറിവുള്ളതാണോ; ഇക്കാര്യത്തിൽ ഡി.പി.ഐ.ക്കുള്ള അതൃപ്തി സർക്കാരിനെ അറിയിച്ചിട്ടുണ്ടോ<br><br>(ഇ) ഐ.ടി. അറ്റ് സക്കൂൾ ഡയറക്ടറെ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്ത നടപടി റദ്ദാക്കാനിടയായ സാഹചര്യം വിശദമാക്കാമോ; | ഡി) യും ഇ) യും | 24/04/2013 ന് ഡെപ്യൂട്ടേഷൻ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് നീട്ടിനൽകണമെന്ന ഐ.ടി @സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറായ ശ്രീ.അബ്ദുൾ നാസർ കൈപ്പൻചേരിയുടെ അപേക്ഷയിൽ ഈ ആവശ്യത്തിനെതിരായുള്ള വാദങ്ങളടങ്ങിയ കത്ത് ഡി.പി.ഐ സർക്കാരിന് നൽകിയത് സർക്കാർ വിശദമായി പരിശോധിച്ച് ടിയാനെ 23/06/2013 വരെ ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ചുകൊണ്ടും 24/06/2013 ന് മാതൃവകുപ്പിലേയ്ക്ക് തിരിച്ചയയ്ക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 29/05/2013 ലെ |

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 2253/2013/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (എഫ്) | ഈ സ്ഥാപനത്തിൽ നടക്കുന്ന ക്രമക്കേടുകളെ കുറിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ? | എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ